# കേരളസർവകലാശാല

നം.പി.ആർ.196/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022 ജനറൽ/എസ്.സി/എസ്.ടി/ഭിന്നശേഷി വിഭാഗക്കാർ/കെ.യു.സി.റ്റി.ഇ. മാനേജ്മെന്റ് ക്വാട്ട/ മറ്റു സംവരണ വിഭാഗങ്ങൾ – സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 22, 23, 24 തീയതികളിൽ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ, സ്വാശ്രയ കോളേജുകൾ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ജനറൽ/എസ്.സി./എസ്.ടി./മറ്റു സംവരണവിഭാഗങ്ങൾ, കെ.യു.സി.റ്റി.ഇ. മാനേജ്മെന്റ് ക്വാട്ട സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 22, 23, 24 തീയതികളിൽ കൊല്ലം, എസ്.എൻ കോളേജിൽ വച്ച് നടത്തുന്നു.അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| Subjects | Date |
|---|---|
| English,Malayalam,Arabic,Sanskrit,Tamil,Commerce | 22.09.2022 |
| Physical science, Natural science,Mathematics | 23.09.2022 |
| Social Science,Geography,Hindi | 24.09.2022 |

രജിസ്ട്രേഷൻ സമയം രാവിലെ 8 മണി മുതൽ 10 മണി വരെ, സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ സാക്ഷ്യ പത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസൽ മാർക്ക്ലിസ്റ്റുകളും യോഗ്യതയും ജാതിയും (നോൺക്രീമിലെയർ, കമ്മ്യൂണിറ്റി, ഇ.ഡബ്ല്യു.എസ്, വരുമാനം, ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്: more than 40%) തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ കൈവശം കരുതണം. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് സമർപ്പിക്കാൻ സാധിക്കാത്ത പക്ഷം ടി വിദ്യാർത്ഥികൾ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്. അതാത് വിഭാഗങ്ങളുടെ അഭാവത്തിൽ ഒഴിവുള്ള സീറ്റുകൾ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുള്ള സീറ്റ് കൺവെർഷൻ മാനദണ്ഡമാക്കി പരിവർത്തനം നടത്തി അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്.

## കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനം 2022
## എല്ലാ ബി.എഡ് പ്രോഗ്രാമുകളിലേക്കുമുള്ള ഡിഫൻസ് ക്വാട്ട, സ്പോർട്സ് ക്വാട്ട വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 22 ന് കൊല്ലം എസ്.എൻ കോളേജിൽ വച്ച്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ. കോളേജുകളിലെ ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിലേക്കുള്ള ഡിഫൻസ് ക്വാട്ട, സ്പോർട്സ് ക്വാട്ട വിഭാഗങ്ങൾക്കായുള്ള സ്പോട്ട് അലോട്ട്മെന്റ് 2022 സെപ്റ്റംബർ 22-ാം തീയതി കൊല്ലം എസ്.എൻ. കോളേജിൽ വച്ച് നടത്തുന്നതാണ്.

ഡിഫൻസ് ക്വാട്ടയിൽ ഓൺലൈൻ മുഖേന അപേക്ഷിച്ച വിദ്യാർഥികളുടെ റാങ്ക് ലിസ്റ്റ് അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ലിസ്റ്റ് പ്രകാരമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്. പ്രസ്തുത ക്വാട്ടയിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുള്ള ജില്ലാ സൈനിക വെൽഫെയർ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റും അസ്സൽ മാർക്ക്ലിസ്റ്റുകളും യോഗ്യത തെളിയിക്കുന്ന മറ്റ് സർട്ടിഫിക്കറ്റുകളുടെ അസ്സലും സഹിതം സെപ്റ്റംബർ 22 ന് രാവിലെ 10 മണിക്കു മുൻപായി കൊല്ലം ശ്രീനാരായണ കോളേജിൽ ഹാജരാക്കേണ്ടതാണ്.

സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ലിസ്റ്റ് പ്രകാരമുള്ള സ്പോർട്സ് ക്വാട്ടയിലേക്കുള്ള അലോട്ട്മെന്റും അന്നേ ദിവസം തന്നെ മേൽപ്പറഞ്ഞ വേദിയിൽ വച്ച് നടത്തുന്നതാണ്. അർഹരായ വിദ്യാർത്ഥികൾ മതിയായ രേഖകളുമായി അന്നേദിവസം 10 മണിക്ക് മുൻപായി ഹാജരാകേണ്ടതാണ്. ഓൺലൈനിൽ അപേക്ഷിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഇല്ലാത്തപക്ഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്.

രജിസ്ട്രേഷൻ സമയം രാവിലെ 8 മണി മുതൽ 10 മണി വരെ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യണം. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ വിദ്യാർത്ഥികൾ ഹാജരാകാൻ സാധിക്കാത്ത പക്ഷം വിദ്യാർത്ഥികൾ നൽകുന്ന  സാക്ഷ്യപത്രവുമായി രക്ഷകർത്താവിന് ഹാജരാകാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റ് പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി വാങ്ങാൻ പാടുള്ളൂ.

എല്ലാ ബി.എഡ്. പ്രോഗ്രാമുകളിലേക്കുമുള്ള ഡിഫൻസ്, സ്പോർട്സ് ക്വാട്ട വിഭാഗത്തിലുള്ള സ്പോട്ട് അലോട്ട്മെന്റ് 2022 സെപ്റ്റംബർ 22 ൽ മാത്രമാകും നടത്തുക. അന്നേദിവസം ഹാജരാകാത്ത അപേക്ഷകരെ പ്രസ്തുത ക്വാട്ടയിലേക്ക് പിന്നീട് പരിഗണിക്കുന്നതല്ല.

സ്പോർട്സ് ക്വാട്ട, ഡിഫൻസ് ക്വാട്ട എന്നിവയിൽ ഒഴിവുവരുന്ന സീറ്റുകൾ ജനറൽ മെറിറ്റ് സീറ്റുകളിലേക്ക് പരിവർത്തനം നടത്തി അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്.

## കേരള സർവകലാശാല: ഒന്നാം വർഷ ബിരുദ പ്രവേശനം 2022
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം ഫീസ് ഒടുക്കി (നിലവിൽ യൂണിവേഴ്സിറ്റി ഫീ അടയ്ക്കാത്തവർ) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് ആയതിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതാണ്. സെപ്റ്റംബർ 20, 22 തീയതികളിലാണ് കോളേജ് പ്രവേശനം.

കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ടി.സി എന്നിവ ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷ മാറ്റി

കേരളസർവകലാശാല 2022 സെപ്റ്റംബർ 20 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി, അറബിക് എന്നീ പരീക്ഷകൾ മാത്രം മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്. അന്നേ ദിവസത്തെ മറ്റു പരീക്ഷകൾക്കോ, മറ്റു ദിവസങ്ങളിലെ പരീക്ഷകൾക്കോ മാറ്റമില്ല.

## പ്രോജക്ട്, വൈവ

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. കമ്പ്യൂട്ടർസയൻസ് പരീക്ഷയുടെ പ്രോജക്ട് വൈവയുടേയും കോംപ്രിഹെൻസീവ് വൈവയുടേയും പരീക്ഷകൾ സെപ്റ്റംബർ 19 മുതൽ 23 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ. ഫിലോസഫി റെഗുലർ, ജൂൺ 2022 പരീക്ഷയുടെ വൈവ സെപ്റ്റംബർ 22, 23 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.ബി.എ. (റെഗുലർ – 2020 സ്കീം – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 സ്കീം – 2020 അഡ്മിഷൻ, 2018 സ്കീം – 2018 & 2019 അഡ്മിഷൻ) 2022 ആഗസ്റ്റ് 29 ന് നിശ്ചയിച്ചിരുന്ന പരീക്ഷ 2022 സെപ്റ്റംബർ 28 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബി.ബി.എ. ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ സെപ്റ്റംബർ 24 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 30 വരെയും ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കേരളസർവകലശാല വിദൂരവിദ്യാഭ്യാസവിഭാഗം: ഒൻപത് പ്രോഗ്രാമുകളുടെ അഡ്മിഷൻ ആരംഭിച്ചു

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗത്തിൽ 2022 – 2023 അദ്ധ്യയന വർഷം ഒൻപത് ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കുളള അഡ്മിഷൻ ആരംഭിച്ചു. സെപ്റ്റംബർ 15 മുതൽ ഒക്ടോബർ 31 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും വിശദവിവരങ്ങൾക്കും www.ideku.net സന്ദർശിക്കുക.

## എസ്.സി. സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇവല്യൂഷണറി ആന്റ് ഇന്റഗ്രേറ്റീവ് ബയോളജിയിൽ എം.എസ്‌സി. ഇന്റഗ്രേറ്റീവ് ബയോളജി (സുവോളജി), പ്രോഗ്രാമിന് 2022 – 24 ബാച്ച് അഡ്മിഷന് എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സെപ്റ്റംബർ 19 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ ഫിസിക്സ് പഠനഗവേഷണവകുപ്പിൽ എം.എസ്‌സി. പ്രോഗ്രാമിന് 2022 – 24 ബാച്ച് അഡ്മിഷന് എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സെപ്റ്റംബർ 19 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## പിഎച്ച്.ഡി. നൽകി

മായ പി.കെ. (ഇക്കണോമിക്സ്), വിമൽ രാജ് (ഒപ്റ്റോഇലക്ട്രോണിക്സ്), രാഗിത വി.എം. (ബയോടെക്നോളജി), ഷൈന സദാശിവൻ (എഡ്യൂക്കേഷൻ) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ സെപ്റ്റംബർ 16 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
17.09.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**